വിദേശയാത്രകൾ

181(1248) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പ് ഡയറക്ടറും, വകുപ്പ് സെക്രട്ടറിയും സർക്കാർ ചെലവിൽ വിദേശ യാത്ര നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ വകുപ്പ് ഉദ്യോഗസ്ഥന്മാർ ഓരോ വർഷവും സർക്കാർ ചെലവിൽ നടത്തിയ വിദേശ യാത്രകൾ എത്രയാണ്, ഏതെല്ലാം രാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തുകയുണ്ടായി;

(സി) പ്രസ്തുത വിദേശ സന്ദർശനങ്ങൾക്കെല്ലാം കൂടി ഖജനാവിൽ നിന്നും ഓരോ വർഷവും ചെലവഴിക്കപ്പെട്ട ആകെ തുക എത്ര?

ഉത്തരം

(എ) വിവിധ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലേക്കായി കയർ വകുപ്പ് ഡയറക്ടറും വകുപ്പ് സെക്രട്ടറിയും സർക്കാർ ചെലവിൽ വിദേശയാത്ര നടത്തിയിട്ടുണ്ട്.

(ബി) കയർ വകുപ്പിലെ വിവിധ തലത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാർ 2011-12 മുതൽ 2015-16 വരെ വിവിധ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലേക്കായി നടത്തിയ വിദേശ യാത്രകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു :

വർഷം	യാത്രകളുടെ എണ്ണം	രാജ്യങ്ങൾ	എത്ര തവണ
2011-12	7	ദുബായ്, ചൈന, ഹോങ്കോങ്, നെതർലാൻഡ്, സൗത്ത് ആഫ്രിക്ക, ജർമനി, യു.എസ്.എ.	ഓരോ തവണ
2012-13	8	ബ്രസീൽ, ദുബായ്, ജപ്പാൻ, ചൈന, ഇസ്താംബൂൾ, ഓസ്ട്രേലിയ, സൗത്ത് ആഫ്രിക്ക, യു.എസ്.എ	ഓരോ തവണ
2013-14	4	യു.എസ്.എ.,റഷ്യ, സ്പെയിൻ, കസാക്കിസ്ഥാൻ	ഓരോ തവണ
2014-15	-	-	-
2015-16	5	മെക്സിക്കോ,യു.കെ., ഹോങ്കോങ്, ഓസ്ട്രേലിയ, ജർമനി	ഓരോ തവണ

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലേയ്ക്കായി നടത്തിയ വിദേശ യാത്രകൾക്ക് ഖജനാവിൽനിന്നും ഓരോ വർഷവും ചിലവഴിക്കപ്പെട്ട തുകയുടെ വിവരം താഴെ കൊടുത്തിരിക്കുന്നു:

വർഷം	ചെലവഴിച്ച തുക
2011-12	25,62,943
2012-13	26,97,883
2013-14	30,42,667
2014-15	-
2015-16	20,86,355

(കണക്കുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല)

കയർ മേഖലയുടെ വികസനം

182(1249) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയുടെ വികസനത്തിനും ഈ മേഖലയിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനുമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം പിൻവലിക്കപ്പെട്ട തുകയെത്ര;

(സി) കഴിഞ്ഞ അഞ്ച് വർഷമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഇതിനായി ഇതുവരെ എന്ത് തുക ചെലവാക്കിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർ മേഖലയുടെ വികസനത്തിനും ഈ മേഖലയിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനുമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly